# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

**05.11.2014 ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു. നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 29.10.2014–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** നടപ്പു സാമ്പത്തികവർഷം പദ്ധതി പ്രവർത്തനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ ആകെ 1123.38 കോടി രൂപ ചെലവഴിച്ചതായി യോഗത്തിൽ റിപ്പോർട്ട് ചെയ്തു. ഗ്രാമപഞ്ചായത്തുകൾ 661.48 കോടി രൂപയും, ബ്ലോക്ക് പഞ്ചായത്തുകൾ 138.50 കോടി രൂപയും, ജില്ലാ പഞ്ചായത്തുകൾ 194.71 കോടി രൂപയും, മുനിസിപ്പാലിറ്റികൾ 99.25 കോടി രൂപയും, കോർപ്പറേഷനുകൾ 29.44കോടി രൂപയുമാണ് ചെലവിട്ടത്. ചെലവിന്റെ ശതമാനം ഗ്രാമപഞ്ചായത്തുകളിൽ 19.15 (മുൻവർഷം ഇതേ കാലയളവിൽ 21.24), ബ്ലോക്ക് പഞ്ചായത്തുകളിൽ 23 (മുൻവർഷം 20), ജില്ലാ പഞ്ചായത്തുകളിൽ 14.04 (മുൻവർഷം 15.01) മുനിസിപ്പാലിറ്റികളിൽ 20.02(മുൻവർഷം 19.9), കോർപ്പറേഷനുകളിൽ 15.9 (മുൻവർഷം 16) എന്നിങ്ങനെയാണ്. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പദ്ധതി നിർവഹണം ആരംഭിച്ചിട്ടില്ലാത്തതായി യോഗം നിരീക്ഷിക്കുകയും ഇതിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഹാജരായി വിശദീകരണം നൽകേണ്ടതാണെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

**2.2** സ്പിൽഓവർ പ്രവൃത്തികളുടെ കാലാവധി 2014 ഡിസംബർ 31 വരെ ദീർഘിപ്പിക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.3** പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി നാലാം വാർഷിക പദ്ധതി (2015–16) തയ്യാറാക്കുന്നതിനുള്ള സമയക്രമം താഴെ കൊടുത്തിരിക്കുന്ന രീതിയിൽ നിശ്ചയിച്ച് തീരുമാനിച്ചു.

| ക്രമ നം | പ്രവർത്തനം | ചുമതല | സമയക്രമം |
|---|---|---|---|
| 1 | പ്ലാൻ കോഓർഡിനേറ്ററെ നിശ്ചയിക്കൽ വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം | ഭരണ സമിതി | 2014 നവംബർ 15 നകം |
| 2 | പ്രഥമ വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡിയോഗം ചേരൽ | തദ്ദേശഭരണസ്ഥാപന അദ്ധ്യക്ഷൻ | 2014 നവംബർ 22 നകം |
| 3 | സംയുക്ത പ്രോജക്ടുകളെ സംബന്ധിച്ച ജില്ലാതല യോഗം | ജില്ലാ പഞ്ചായത്ത് | 2014 നവംബർ 25 നകം |
| 4 | കരട് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, അവതരണം | വർക്കിംഗ് ഗ്രൂപ്പുകൾ | 2014 നവംബർ 29നകം |
| 5 | ബാങ്കുകൾ, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചനകൾ | ഭരണസമിതി സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പുകൾ | 2014 ഡിസംബർ 5 നകം |
| 6 | ദ്രുത വിശകലനം | വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാന്റിംഗ് കമ്മിറ്റികൾ | 2014 ഡിസംബർ 10 നകം |

| | | | |
|---|---|---|---|
| 7 | ഊരുകൂട്ടങ്ങൾ, മത്സ്യസഭകൾ, അയൽ സഭകൾ | ഭരണസമിതി ജനപ്രതിനിധികൾ | 2014 ഡിസംബർ 15 നകം |
| 8 | വാർഡ് വികസന സമിതി | വാർഡ് മെമ്പർമാർ | 2014 ഡിസംബർ 20 നകം |
| 9 | ഗ്രാമസഭ/വാർഡ് സഭ | ഭരണസമിതി, ജനപ്രതിനിധികൾ | 2015 ജനുവരി 9 നകം |
| 10 | സഭ തീരുമാനങ്ങളുടെ ക്രോഡീകരണം | വർക്കിംഗ് ഗ്രൂപ്പുകൾ | 2015 ജനുവരി 13 നകം |
| 11 | തദ്ദേശസ്വയംഭരണ സ്ഥാപനതല പട്ടിക ഉപപദ്ധതി രൂപീകരണം | തദ്ദേശസ്വയംഭരണ സ്ഥാപനതല എസ്.റ്റി. ഉപപദ്ധതി രൂപീകരണ സമിതി | 2015 ജനുവരി 13 നകം |
| 12 | കരട് പദ്ധതി രേഖ തയ്യാറാക്കൽ | വർക്കിംഗ് ഗ്രൂപ്പ് ഉപസമിതി | 2015 ജനുവരി 15 നകം |
| 13 | കരട് പദ്ധതി രേഖ അന്തിമരൂപം നൽകൽ, അച്ചടി | ഭരണസമിതി വർക്കിംഗ് ഗ്രൂപ്പ് ഉപസമിതി | 2015 ജനുവരി 20 നകം |
| 14 | വികസന സെമിനാർ | ഭരണ സമിതി | 2015 ജനുവരി 24 നകം |
| 15 | പദ്ധതി അടങ്കലുകളും വകയിരുത്തലുകളും തീരുമാനിക്കൽ | ഭരണ സമിതി | 2015 ജനുവരി 28 നകം |
| 16 | പ്രോജക്ട് തയ്യാറാക്കലും, മേലുദ്യോഗസ്ഥന്റെ അംഗീകാരം വാങ്ങലും | നിർവഹണ ഉദ്യോഗസ്ഥൻ | 2015 ഫെബ്രുവരി 13നകം |
| 17 | സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അംഗീകാരം | സ്റ്റാൻഡിംഗ് കമ്മിറ്റികൾ | 2015 ഫെബ്രുവരി 16 നകം |
| 18 | പദ്ധതി- പ്രോജക്ട് അംഗീകാരം | ഭരണസമതി | 2015 ഫെബ്രുവരി 20 നകം |
| 19 | ജില്ലാ ആസൂത്രണ സമിതി അംഗീകാരം | ജില്ലാ ആസൂത്രണസമിതി | 2015 ഫെബ്രുവരി 28 നകം |

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.4** മുൻ തീരുമാനപ്രകാരം SOR അല്ലെങ്കിൽ CPWD നിരക്ക് സ്വീകരിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റിപ്പോർട്ട് ചെയ്തതിനാൽ SOR, CPWD വഴിയുള്ള പ്രവൃത്തികൾ 2014–2015 ൽ മാത്രം അനുവദിക്കുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 എൽ.എസ്.ജി.ഡി. എൻജിനീയർ അസോസിയേഷൻ നിവേദനം സംബന്ധിച്ച് (ഫയൽ നം. 43947/ഇ.ഡബ്ല്യൂ.3/14/തസ്വഭവ)

എൽ.എസ്.ജി.ഡി. എൻജിനീയർ അസോസിയേഷൻ നിവേദനത്തിലെ ആവശ്യങ്ങളെല്ലാം നിലവിൽ ഉത്തരവായിട്ടുള്ളതാണെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 വീറ്റ് ബേയ്സ്ഡ് ന്യൂട്രീഷൻ പ്രോഗ്രാം(ഫയൽ നം9700/ഇ.പി.എ3/10/തസ്വഭവ)

അംഗനവാടികൾക്ക് അനുവദിച്ച ഭക്ഷ്യധാന്യങ്ങളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ് കൂടാതെയുള്ള പാക്കിംഗ് ചാർജ്ജും അംഗനവാടി പോഷകാഹാരം എന്ന പ്രോജക്ടിൽ ഉൾപ്പെടുത്താൻ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 കെട്ടിട നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച്- കൊച്ചി കോർപ്പറേഷൻ മേയറുടെ കത്ത് (ഫയൽ നം.68321/ഇ.ഡബ്ല്യൂ.3/14/തസ്വഭവ)**

പൊതു തീരുമാനം 2.4 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കളമശ്ശേരി നഗരസഭ (ഫയൽ നം.68668/എഫ്.എം.2/14/തസ്വഭവ)**

നഗരസഭയ്ക്ക് കൈമാറിക്കിട്ടിയയ രണ്ടു സ്ക്കൂളുകൾക്ക് എം.പി.യുടെ പ്രാദേശിക വികസനഫണ്ട് ഉപയോഗിച്ച് വാങ്ങി നൽകിയ വാഹനങ്ങളുടെ ഡ്രൈവർമാർക്കുള്ള അലവൻസും ദൈനംദിന ചെലവുകളും ഇൻഷ്വറൻസും അറ്റകുറ്റപ്പണികളും നഗരസഭയുടെ തനതുഫണ്ടിൽ നിന്നു വഹിക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്നും സ്ക്കൂൾ പി.റ്റി.എ കളാണ് തുടർചെലവുകൾ വഹിക്കേണ്ടതെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കാരശ്ശേരി ഗ്രാമപഞ്ചായത്ത്**

**(ബഹു. തിരുവമ്പാടി എം.എൽ.എ ശ്രീ. സി. മോയിൻകുട്ടി മുഖാന്തിരം )**

ഗ്രാമപഞ്ചായത്തിലെ ആനയാം കുന്ന് എന്ന സ്ഥലത്ത് കൺസ്യൂമർ ഫെഡ് നടത്തുന്ന നന്മ സ്റ്റോറിന് 2 വർഷത്തേയ്ക്കു കൂടി പഞ്ചായത്ത് ഫണ്ടിൽ നിന്നും വാടക നൽകുന്നതിന് അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ഇടുക്കി ജില്ലാ പഞ്ചായത്ത്**

സംയുക്ത പദ്ധതികൾ തയ്യാറാക്കുന്നതിന് ഇപ്പോൾ തന്നെ തീരുമാനമുള്ളതായി നിരീക്ഷിച്ചു. വിശദാംശങ്ങൾ സഹിതം സ്റ്റേറ്റ് ലെവൽ അപ്പലേറ്റ് കമ്മിറ്റിക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ**

**(ഫയൽ നം. 53386/ഡി.ഡി2/14/തസ്വഭവ)**

ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതല നിർവഹണത്തിന്റെ മേഖലകൾ വ്യാപിപ്പിച്ച് നൽകണമെന്ന ആവശ്യം 23.07.2014, 06.08.2014, 13.08.2014 എന്നീ തീയതികളിലെ കോഓർഡിനേഷൻ കമ്മിറ്റികളിൽ തീരുമാനിച്ചിട്ടുള്ളതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്**

ടെണ്ടർ നടപടി കൂടാതെ സൗരോർജ സംവിധാനങ്ങൾ സ്ഥാപിച്ചു നൽകുന്നതിന് കുടുംബശ്രീയെ ചുമതലപ്പെടുത്തണമെന്ന ആവശ്യം ക്വാളിറ്റി തുടങ്ങി വിശദമായ റിപ്പോർട്ട് സഹിതം ചർച്ച ചെയ്യേണ്ടതിനാൽ മാറ്റിവയ്ക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 തിരൂരങ്ങാടി  ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 29487/എഫ്.എം2/14/തസ്വഭവ)**

ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ലഭിച്ച തുകയിൽ ബി.പി.എഫ്.എ 1 അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന 2139126 രൂപ തിരൂരങ്ങാടി താലൂക്ക് ഡയാലിസിസ് സെന്റർ മാനേജ്മെന്റ് കമ്മിറ്റിക്ക് കൈമാറാൻ അനുമതി നൽകി തീരുമാനിച്ചു. ഇതിന്റെ കണക്കുകൾ പരിശോധിക്കാൻ വിവിധ ഓഡിറ്റ് വിഭാഗങ്ങൾക്ക് അധികാരമുണ്ടായിരിക്കുമെന്നും 2014-15 വർഷത്തിൽ 3 ലക്ഷം രൂപയിൽ കവിയാത്ത തുക താലൂക്കിലെ പഞ്ചായത്തുകളിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ**

പോളയത്തോട് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിൽ കോൺട്രാക്ടർക്ക് കൂടുതൽ തുക അനുവദിക്കണമെന്ന അപേക്ഷ സംബന്ധിച്ച് കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്യേണ്ട വിഷയമല്ലെന്നും വകുപ്പുതല തീരുമാനം കൈക്കൊള്ളാൻ അർബൻ അഫയേഴ്സ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.00ന് അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 12.11.2014 രാവിലെ 8 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***